⇨ 'അറസ്റ്റ്' എന്ന പദത്തിന്റെ അർത്ഥത്തിന്റെ ആഴങ്ങളിലേക്ക് ചെല്ലേണ്ടതായ സന്ദർഭമുണ്ടായി ⇨

# "സംരക്ഷകൻ ഇവിടെ സംഹാരകനാകുന്നു"

**മാവോവാദിയെന്ന് സംശയിച്ച് ഏകലോക സർവ്വകലാശാല എന്ന കൂട്ടായ്മയുടെ പ്രവർത്തകനും ജൈവകർഷകനുമായ ശ്യാം ബാലകൃഷ്ണനെ 2014 മെയ് 20ന് വയനാട്ടിൽ വച്ച് പ്രത്യേക പോലീസ് വിഭാഗമായ തണ്ടർബോൾട്ട് അന്യായമായി അറസ്റ്റു ചെയ്തിരുന്നു. പ്രസ്തുത സംഭവത്തിനെതിരെ ശ്യാം നൽകിയ കേസിൽ 2015 മെയ് 22ന് ഹൈക്കോടതി വിധി പറഞ്ഞു. ചിന്തിക്കാനുള്ള അവകാശം അടിസ്ഥാന മനുഷ്യാവകാശമാണെന്നും അതിന്റെ പേരിൽ മാത്രം ഒരാളുടെ സ്വാതന്ത്ര്യം തടഞ്ഞുവയ്ക്കാൻ അധികാരമില്ലെന്നും വ്യക്തമാക്കിക്കൊണ്ട് പോലീസ്നടപടിയെ രൂക്ഷമായി വിമർശിച്ച വിധി ഹർജിക്കാരന് നഷ്ടപരിഹാരം നൽകാൻ സർക്കാർ ബാധ്യസ്ഥരാണെന്നും പറയുന്നു. മനുഷ്യാവകാശങ്ങൾ ഹനിക്കുന്ന തരത്തിലുള്ള പോലീസ്രാജ് വ്യാപകമാകുന്ന കാലത്ത് വന്ന**

**കോടതി വിധിയിലെ പ്രസക്തഭാഗങ്ങൾ...**

**അപ്പീലിന് പോകാനുള്ള സർക്കാറിന്റെ തീരുമാനത്തോട് വിയോജിച്ചുകൊണ്ട്...**

**5. ഏതൊരു** നിയമാനുസൃത സമൂഹത്തിലെയും അടിസ്ഥാനതത്വങ്ങളിലൊന്നാണ് സ്വാതന്ത്ര്യം. ലോകത്തിനുമുന്നിൽ ഈ സ്വാതന്ത്ര്യത്തെ നിർവിഘ്നം ഉയർത്തിപ്പിടിക്കാനുള്ള പൗരന്റെ സഹജാവകാശമാണ് ഭരണഘടനയിലൂടെ പ്രഖ്യാപിക്കപ്പെടുന്നത്. ക്രിമിനൽ പ്രൊസീജർ കോഡിൽ നിർവ്വചിക്കപ്പെട്ടിട്ടില്ലെങ്കിലും അറസ്റ്റ്, ഒരാളുടെ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നു. ഒരു ക്രിമിനൽ ചാർജ്ജിനെ സംബന്ധിച്ച മറുപടിക്കായി ഒരാളുടെ സ്വാതന്ത്ര്യത്തെ മറ്റൊരാൾ നിക്ഷിപ്താധികാരത്തോടെ അപഹരിക്കുന്നതുതന്നെയാണ് അറസ്റ്റ് എന്ന് ഇവിടെ അർത്ഥമാക്കുന്നു. ബ്ലാക്കിന്റെ നിയമനിഘണ്ടുവിലും അറസ്റ്റിന് ഇതേ അർത്ഥമാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

6. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ദീപക് മഹാജനും മറ്റുള്ളവരും (AIR 1994 SC 1775) എന്ന കേസിൽ 48-ാം ഖണ്ഡികയിൽ ബഹു. സുപ്രീം കോടതി ഇങ്ങനെ രേഖപ്പെടുത്തുന്നു:

48. ഒരാളെ വിലക്കുക എന്ന അർത്ഥം വരുന്ന അറസ്റ്റ് എന്ന വാക്ക്, 'തടയുക', 'നിർത്തുക' എന്നതിനുള്ള ഫ്രഞ്ച് പദമാണ്. അതതു സാഹചര്യങ്ങൾക്ക് യോജിച്ച പ്രകാരങ്ങളിലാണ് വിവിധ നിഘണ്ടുക്കളിൽ 'അറസ്റ്റ്' വിവരിക്കപ്പെടുന്നത്. ഞങ്ങളിലൊരാൾക്ക് (മദ്രാസ് ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന എസ്. രത്നവേൽ പാണ്ഡ്യൻ) റോഷൻ ബീവിയും തമിഴ്നാട് സർക്കാർ ജോയിന്റ് സെക്രട്ടറിയും (എ.ഐ.ആർ 1984 എൻ.ഒ.സി 103(എഫ്ബി) എന്ന കേസിൽ 'അറസ്റ്റ്' എന്ന പദത്തിന്റെ അർത്ഥത്തിന്റെ ആഴങ്ങളിലേക്ക് ചെല്ലേണ്ടതായ സന്ദർഭമുണ്ടായി. അതിന്റെ വെളിച്ചത്തിൽ, അറസ്റ്റ് എന്ന പദം സാധാരണരീതിയിൽ ഉപയോഗിക്കപ്പെടുകയാണെങ്കിൽ ഒരാളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുക, തടയുക എന്നാണ് അർത്ഥമാക്കുന്നത്. ഒരാൾ അറസ്റ്റിലാണോ അല്ലയോ എന്നുള്ളത് അതിന്റെ നിയമസാധുതയിലല്ല, മറിച്ച് അയാൾക്കിഷ്ടപ്പെടുന്നിടത്ത് പോകുന്നതിനുള്ള വ്യക്തിസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നുണ്ടോ എന്നതിനെ ആശ്രയിച്ചാണ് നിർണ്ണയിക്കപ്പെടേണ്ടത്. ക്രിമിനൽ കുറ്റങ്ങളുമായി ബന്ധപ്പെട്ട് നിയമദൃഷ്ട്യാ നോക്കുകയാണെങ്കിൽ, 'അറസ്റ്റ്' എന്നാൽ നിയമപ്രകാരമുള്ള അധികാരത്തോടെ ഒരാളെ മറ്റൊരാൾ കസ്റ്റഡിയിലെടുത്ത് ഒരു ക്രിമിനൽ കുറ്റത്തെക്കുറിച്ച് ചോദ്യം ചെയ്യുകയോ ക്രിമിനൽ പ്രവൃത്തി ചെയ്യുന്നതിൽ നിന്നും തടയുകയോ ചെയ്യുന്നതാണ്.

7. ക്രിമിനൽ പ്രൊസീജർ കോഡിലെ അഞ്ചാം അധ്യായം അറസ്റ്റിനുള്ള നിബന്ധനകൾ വ്യക്തമാക്കുന്നു. അതിൽത്തന്നെ 41–ാം ഭാഗം മജിസ്ട്രേറ്റിന്റെ ഉത്തരവില്ലാതെ ഒരാളെ അറസ്റ്റ് ചെയ്യാനുള്ള പോലീസിന്റെ അധികാരത്തെക്കുറിച്ച് വിശദീകരിക്കുന്നു.

41: വാറണ്ടില്ലാതെ ഒരാളെ പോലീസിന് അറസ്റ്റു ചെയ്യാവുന്നത്:

(1) ഒരു പോലീസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒരാൾ കുറ്റം ചെയ്താൽ.

(2) ഒരാൾക്കെതിരെ വിശ്വസനീയമായ പരാതി ലഭിച്ചാലോ, ആധികാരികമായ വിവരം കിട്ടിയാലോ, അല്ലെങ്കിൽ കുറ്റം നടത്തിയെന്നതിന് തക്കതായ സംശയം നിലനിൽക്കുന്നുണ്ടെങ്കിലോ താഴെപ്പറയുന്ന സന്ദർഭങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലോ:-

i. അത്തരം പരാതിയുടെ/ വിവരത്തിന്റെ/ സംശയത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾ കുറ്റം ചെയ്തിട്ടുണ്ടെന്ന് പോലീസ് ആപ്പീസർക്ക് തോന്നുന്നുവെങ്കിൽ.

ii.അറസ്റ്റ് ആവശ്യം തന്നെയെന്ന് പോലീസ് ആപ്പീസർ വിചാരിക്കുന്നുവെങ്കിൽ.

iii. മറ്റ് കുറ്റകൃത്യങ്ങൾ നടത്തുന്നതിൽനിന്നും അയാളെ തടയാനായി, അല്ലെങ്കിൽ

a). കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതിൽ നിന്നും പ്രസ്തുത വ്യക്തിയെ വിലക്കുന്നതിന് വേണ്ടി, അല്ലെങ്കിൽ

b). കൃത്യത്തെക്കുറിച്ച് ശരിയായി അന്വേഷിക്കാനായി, അല്ലെങ്കിൽ

c).ചെയ്ത കുറ്റത്തിനെക്കുറിച്ചുള്ള തെളിവുകൾ നശിപ്പിക്കുന്നതിൽനിന്നും അയാളെ തടയുന്നതിനായി, അല്ലെങ്കിൽ

d).കേസിന്റെ വിശദാംശങ്ങളെക്കുറിച്ചറിയുന്ന ഒരാളെ അവ പോലീസിനോടോ കോടതിയിലോ വിശദീകരിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കാനോ ഭീഷണിപ്പെടുത്താനോ ശ്രമിക്കുന്നതിൽനിന്നും കുറ്റം ചെയ്തയാളെ തടയുന്നതിനുവേണ്ടി, അല്ലെങ്കിൽ

e).അയാളെ അറസ്റ്റു ചെയ്താലല്ലാതെ കോടതിയിൽ ആവശ്യമുള്ളപ്പോൾ ഹാജരാക്കാമെന്ന് ഉറപ്പില്ലെങ്കിൽ...

8. അറസ്റ്റിനെക്കുറിച്ച് ക്രിമിനൽ പ്രൊസീജർ കോഡിൽ തന്നെ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. അതാകട്ടെ പൗരസ്വാതന്ത്ര്യത്തിൽ ഊന്നിയുള്ളതും നിയമനിബന്ധനമല്ലാത്ത നടപടികളിൽ നിന്നും പൗരനെ സംരക്ഷിക്കുന്നതുമാണ്. കോഡിലെ നടപടിക്രമങ്ങളെ ധിക്കരിക്കുക എന്നതുതന്നെ സ്വാതന്ത്ര്യത്തെ ഹനിക്കലാക്കുന്നു.

9. 'പൗരസ്വാതന്ത്ര്യത്തെയും' 'അറസ്റ്റി'നെയും കുറിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിവിധ സന്ദർഭങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്:-

i.ശ്രീമതി നന്ദിനി സത്പതിയും പി.എൻ. ഭാസിയും മറ്റുള്ളവരും (1978 എസ്സി 1025) എന്ന കേസിൽ ലൂയിസ് മെയേഴ്സിനെ ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ ചൂണ്ടിക്കാട്ടിയിരിക്കുന്നു: "ഒരു വശത്ത് നിയമപരിപാലനത്തിന്റെ ആവശ്യകതയും മറുവശത്ത് നിയമപരിരക്ഷകരുടെ അനീതിക്കെതിരെയുള്ള പൗരന്റെ സംരക്ഷണവും തമ്മിൽ ഒരു സന്തുലനം ഉണ്ടാക്കിയെടുക്കുക എന്നത് ഭരണകൂടത്തിന്റെ നിരന്തരമായ പ്രശ്നമാണ്. ഇക്കാലയളവിൽ പെൻഡുലം ഒരുവശത്തേക്ക് ചാഞ്ഞിട്ടേയുള്ളു."

ii. ജോഗിന്ദർകുമാറും ഉത്തർപ്രദേശ് സംസ്ഥാനവും (എ.ഐ.ആർ. 1994 എസ് സി 1349) എന്ന കേസിൽ ഇങ്ങനെ പ്രസ്താവിക്കപ്പെടുന്നു: "പോലീസ് ആപ്പീസർക്ക് നിയമപ്രകാരം ചെയ്യാനുള്ള അധികാരമുണ്ട് എന്നതുകൊണ്ടു മാത്രം ഒരു അറസ്റ്റും ഉണ്ടാകാൻ പാടില്ല. അറസ്റ്റ് ചെയ്യാനുള്ള അധികാരവും ആ അധികാരത്തിന്റെ ന്യായീകരണവും രണ്ടും രണ്ടാണ്. അറസ്റ്റ് ചെയ്യാനുള്ള അധികാരത്തിനും മേലെയായി, ആ പോലീസ് ഓഫീസർക്ക് അറസ്റ്റിനെ ന്യായീകരിക്കാൻ കഴിയണം. അറസ്റ്റും പോലീസിനു കീഴിൽ തടഞ്ഞുവയ്ക്കലും ഒരു പൗരന്റെ ആത്മാഭിമാനത്തെയും പദവിയെയും മുറിപ്പെടുത്തും."

എട്ടും ഒമ്പതും ഖണ്ഡികയിൽ കൂടുതൽ നിരീക്ഷണങ്ങളുണ്ട്.

8. മനുഷ്യാവകാശത്തിന്റെ ചക്രവാളങ്ങൾ വിപുലപ്പെട്ടുവരികയാണ്. അതേസമയം, കുറ്റകൃത്യനിരക്കും കൂടിക്കൊണ്ടിരിക്കുന്നു. അടുത്തിടെയായി, അനാവശ്യമായ അറസ്റ്റുകൾ മൂലം മനുഷ്യാവകാശ ധ്വംസനങ്ങളുടെ ഒട്ടനേകം പരാതികൾ ഈ കോടതിക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ഇതുരണ്ടും തമ്മിലുള്ള സന്തുലനം നമുക്ക് എങ്ങനെ സാധ്യമാവും?

9. യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു സമീപനം ഈ ദിശയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. പൗരാവകാശവും സ്വാതന്ത്ര്യവും ഒരു കൈയ്യിലും ഉത്തരവാദിത്തവും കടമയും മറ്റൊരു കൈയ്യിലുമായുള്ള സന്തുലനമാകണം അറസ്റ്റിന്റെ നിയമം. കുറ്റക്കാരനായ വ്യക്തിയോ സമൂഹമോ, നിയമനിഷേധിയോ നിയമവിധേയനോ-വിലമതിക്കേണ്ടതും ഊന്നൽനൽകേണ്ടതും എന്തിനാണെന്ന് സമതുലിതമായി തീരുമാനിക്കണം. ജസ്റ്റിസ് കർഡോസോ പറയുന്നു: സാമൂഹ്യ സുരക്ഷയുടെ അസമമായ നഷ്ടത്തിൽ വ്യക്തിസുരക്ഷ നേടാനാകാതി

രിക്കുമോ എന്നതാണ് ചോദ്യം. കുറ്റകൃത്യങ്ങൾ അടിച്ചമർത്തപ്പെടണമെന്ന സാമൂഹ്യാവശ്യമാണ് ഒരു ഭാഗത്ത്. ഉദ്യോഗസ്ഥ ഗർവ്വിന്റെ ഭാഗമായി നിയമം വളച്ചൊടിക്കപ്പെടരുത് എന്ന സാമൂഹ്യാവശ്യം മറ്റൊരു ഭാഗത്തും. ഏതു തിരഞ്ഞെടുത്താലും അപകടമുണ്ട്. ആഡം കേസിലെ (1903, 176 എൻ.വൈ. 351:68 എൻ ഇ. 636) നിരീക്ഷണം വ്യത്യസ്ത താൽപര്യക്കാർക്കിടയിൽ സമവായമുണ്ടാക്കുന്നു. സാമൂഹ്യനയങ്ങളിൽ തിരുത്തലുകൾ കൊണ്ടുവരുന്ന സർക്കാർ സംവിധാനങ്ങൾ അത്തരം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് കോടതിയെ ധരിപ്പിക്കപ്പെടാത്തേടത്തോളം ആ നിരീക്ഷണം അങ്ങനെത്തന്നെയിരിക്കട്ടെ.

• • •

16. ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ വ്യക്തികളിൽക്കൂടെയാണ്. മനുഷ്യൻ നേതൃത്വം കൊടുക്കുന്ന ഏതൊരു സ്ഥാപനത്തിനും തെറ്റുകൾ സംഭവിക്കാം. അത്തരം തെറ്റുകൾ സമ്മതിച്ചുകൊടുക്കുക എന്നത് ആ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. തെറ്റു സമ്മതിക്കുക എന്നത് ഉത്തരവാദിത്തമുള്ള ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം നിർഭാഗ്യകരമാണ്. മാവോയിസ്റ്റുകളെ നേരിടുന്നതിന്റെ ഭാഗമായ പോലീസ് നടപടി എന്ന തരത്തിൽ സർക്കാർ ഇവിടെ പോലീസിനെ ശക്തമായി ന്യായീകരിച്ചു. വ്യക്തിസ്വാതന്ത്ര്യം എത്ര ചെറുതായാലും വലുതായാലും സംരക്ഷിക്കപ്പെടണം. തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിക്കുമ്പോൾ പോലീസ് സൂക്ഷ്മതയും ബുദ്ധിയും പ്രയോഗിക്കാൻ തയ്യാറാകണം. അങ്ങനെ ചെയ്യുമ്പോൾ സംഭവിക്കാവുന്ന കൃത്യവിലോപങ്ങൾ ഉത്തരവാദിത്തത്തോടെ ഏറ്റെടുത്ത് പൗരന്മാരെ മാനിക്കണം.

17. ഇത്തരം സന്ദർഭങ്ങളിൽ വാദിക്ക് നഷ്ടപരിഹാരം സർക്കാർ കൊടുക്കേണ്ടതാണ്. സർക്കാരിനുവേണ്ടി പ്രവർത്തിച്ച ഉദ്യോഗസ്ഥന്മാർ പിഴചുമത്തപ്പെടേണ്ടതില്ലെന്ന കാര്യത്തിൽ സംശയമില്ല. പൗരസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വികലവീക്ഷണത്തിൽനിന്നുമാണിതു സംഭവിക്കുന്നത്. പൗരസ്വാതന്ത്ര്യത്തെ മാനിച്ചുകൊണ്ടേ മാവോയിസ്റ്റുകളുടെ നിയമവിരുദ്ധ നടപടികളെ നേരിടാവൂ എന്ന സുപ്രീംകോടതിയുടെ വിധിപ്രസ്താവത്തോട് നീതിപുലർത്തുംവിധം തങ്ങളുടെ അധികാരത്തെ വിനിയോഗിക്കുന്നതിനുള്ള നിയമപാലകരുടെ കഴിവുകുറവും നൈസർഗിക അവകാശങ്ങളോടുള്ള മോശമായ സമീപനവുമാണ് ഈ പ്രവൃത്തിയിൽ പ്രതിഫലിച്ചിരിക്കുന്നത്. പൊതുനിയമങ്ങളെ ഹനിക്കുന്നുവെങ്കിൽ, അത്തരത്തിലുള്ള മാവോയിസ്റ്റ് പ്രവർത്തനങ്ങളാണ് നിയന്ത്രിക്കേണ്ടത്. പക്ഷേ, ഇരകൾക്ക് മേൽ വേട്ടയാടുന്ന മൃഗം ചാടിവീഴുന്നതുപോലെയാണ് സർക്കാർ മാവോയിസ്റ്റുകളെ നേരിടാൻ നിൽക്കുന്നത്. ഇത് യൂണിഫോമിട്ടുകൊണ്ട് ചെയ്യുന്ന നിയമനിഷേധമല്ലാതെ മറ്റൊന്നുമല്ല. സംരക്ഷകൻ ഇവിടെ സംഹാരകനാകുന്നു.

18. രുദാൽ ഷായും ബീഹാർ സ്റ്റേറ്റും എന്ന കേസിൽ (1983/4 എസ്സിസി 141) ബഹു. സുപ്രീം കോടതി ഇങ്ങനെ പറയുന്നു:

9. സിവിലായും ക്രിമിനലായും സാധാരണ നിയമനടപടികളിലൂടെ പ്രാവർത്തികമാക്കാവുന്ന അവകാശ അധികാരങ്ങളുടെ സംരക്ഷണത്തിന് ആർട്ടിക്കിൾ 32 ഉപയോഗിക്കാൻ പാടില്ല. പണത്തിനായുള്ള വാദം അതുകൊണ്ടുതന്നെ എതിർക്കപ്പെടേണ്ടതും കോടതിയിൽ വ്യവഹരിക്കപ്പെടേണ്ടതുമാണ്. പക്ഷേ മൗലികാവകാശങ്ങളുടെ ലംഘനത്തിനുള്ള നഷ്ടപരിഹാരമായി പണം കൊടുക്കാൻ ഉത്തരവിടാൻ ആർട്ടിക്കിൾ 32 പ്രകാരം കോടതിക്കു കഴിയുമോ എന്നതാണ് ഇവിടെ പരിഗണിക്കപ്പെടുന്ന ചോദ്യം....

10. ആ വാദത്തെ എതിർക്കാനാവില്ല. പരാതിക്കാരന് നഷ്ടപരിഹാരത്തിനായി സർക്കാരിനെ സമീപിക്കാവുന്നതാണ് എന്നതേക്കുറിച്ച് ഞങ്ങൾക്ക് കൃത്യമായ ഉത്തരമില്ല. സർക്കാർ വക്കീൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല. അനീതികരമായ തടങ്കലിൽനിന്നും മോചിപ്പിക്കുക എന്ന ഉത്തരവുമാത്രം ഈ കോടതി പുറപ്പെടുവിക്കുകയാണെങ്കിൽ, ആർട്ടിക്കിൾ 21 പ്രകാരം ലഭ്യമാകുന്ന സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം അതിന്റെ അന്തസ്സത്തയിൽ അനാവൃതമാക്കപ്പെടും. മറ്റൊരുപോംവഴി, അവകാശം നിഷേധിക്കപ്പെടാൻ കാരണക്കാരായവരെക്കൊണ്ട് നഷ്ടപരിഹാരം കൊടുപ്പിക്കുക എന്നതാണ്. മൗലികാവകാശ ധ്വംസനത്തിലേക്കു നീങ്ങുന്ന അധികാരപ്രമത്തതയെ നിയമത്തിനു നിരക്കുന്നതരത്തിൽ മറ്റൊരുവിധേനയും തിരുത്താനാകില്ല. വ്യക്തിയുടെ അവകാശങ്ങളെ ബഹുമാനിക്കുക എന്നതിലാണ് ജനാധിപത്യത്തിന്റെ വിജയം എന്ന് നാമോരോരുത്തരും സ്വയം പഠിക്കാൻ സന്നദ്ധരാകണം. എങ്കിൽമാത്രമേ, ലോകത്തിന്റെ മറ്റിടങ്ങളിൽ സംഭവിക്കുന്നതുപോലെ സാംസ്കാരികമായ ഉയർച്ച ഇവിടെയും കെട്ടുപോകാതിരിക്കൂ. ■

**ശ്യാം ബാലകൃഷ്ണന്റെ അറസ്റ്റ്**
കൂടുതൽ വായനയ്ക്ക്:
www.keraleeyammasika.com/2014/06